**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2097** **30-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് ജങ്കാർ നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണത്തെ തുടർന്ന് സർവീസ് മതിയാക്കിയ അഴീക്കോട് മുനമ്പം ജങ്കാർ കോസ്റ്റൽ പോലീസ് സ്റ്റേഷന് സമീപത്തായി തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്നതിനാൽ ആയത് കൊണ്ട് കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിനുമായി എത്രയും വേഗം നീക്കം ചെയ്യുന്നതിനായി എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, എറണാകുളം ജില്ലയിലെ മുനമ്പം എന്നീ കടവുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജങ്കാർ ലേലം ചെയ്ത് വിൽക്കുന്നതിനും, കൂടാതെ ജങ്കാർ സർവ്വീസ് നിർത്തി വച്ച സാഹചര്യത്തിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനും അനുമതി നല്കണമെന്നുള്ള തൃശ്ശൂർ ജില്ലാ പഞ്ചായ ത്തിന്റെ തീരുമാനത്തിൽ ആർ.സി3/798/2023/തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഫയൽ ഷിപ്പിംഗ് ഉൾനാടൻ ജലഗതാഗതവും വകുപ്പിലേക്ക് കൈമാറുകയുണ്ടായി. ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പിന്റെ എ2/129/2025/CSIN നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ